## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *199</u> <u>09.12.2014-ൽ മറുപടിയ്ക്ക്</u>

# <u>ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതി</u>

<u>ചോദ്യം</u>
ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ശ്രീ.പി.സി.ജോർജ്ജ്

<u>മറുപടി</u>
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസി ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>• കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1)പ്രകാരമുള്ള ഗ്രാന്റ്-ഇൻ എയ്ഡ്-ൽ അനുവദിക്കുന്ന പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യമുള്ള റോഡ്, പാലം എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളും കുടിവെള്ളം, വൈദ്യുതി, |

| | | | |
|---|---|---|---|
| | | | സോളാർ ലൈറ്റുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതികളും അതാത് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 14 പ്രദേശങ്ങളിലെ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപയുടെ പുതിയ പദ്ധതി നടപ്പിലാക്കൽ പ്രാരംഭ ഘട്ടത്തിലാണ്.<br>• പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 148 കോടി രൂപ 2011-15 കാലയളവിലേക്ക് ലഭിക്കുകയും ആയത് പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.<br>• 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം 345 ഗുണഭോക്താക്കൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• 2014-15 സാമ്പത്തിക വർഷം ഹഡ്കോയിൽ നിന്നും 150 കോടി രൂപ |

| | | | |
|---|---|---|---|
| | | | വായ്പയെടുത്ത് 5000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>• 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതി ആ വർഷം 18 സങ്കേതങ്ങളും 2014-15 വർഷം 25 സങ്കേതങ്ങളും തെരഞ്ഞെടുത്ത് ടി സങ്കേങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 134 റോഡുകളും 2 പാലങ്ങളും നിർമ്മിക്കുന്നതിനായി 103 കോടി രൂപയുടെ വായ്പയുള്ള അനുമതി നൽകുകയും ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ഗിരിവർഗ്ഗ പ്രദേശത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അടിസ്ഥാന സൗകര്യവികസന ത്തിനായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ |

ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

**തുക ലക്ഷത്തിൽ**

| ക്രമ നം. | പദ്ധതി | 2011-12 | 2012-13 | 2013-14 | 2014-15 (ഒക്ടോബർ 30 വരെ) |
|---|---|---|---|---|---|
| 1 | കോർപ്പസ് ഫണ്ട് | 3355.85 | 2348.62 | 3400.68 | 1736.46 |
| 2 | ആർട്ടിക്കിൾ 275(1) | 325.96 | 358.56 | 597 | 65.20 |
| 3 | പൂൾഡ് ഫണ്ട് | 867.16 | 1247.54 | 1300 | 47.00 |
| 4 | ഭവന നിർമ്മാണം | 1999.86 | 2499.90 | 2375 | 536.61 |
| 5 | ഹാംലെറ്റ് പദ്ധതി | - | - | 982.93 | 81.24 |
| 6 | റ്റി.ആർ.ഡി.എം | 1500 | 2000 | 1999.99 | 539.67 |
| 7 | പി.വി.റ്റി.ജി | 976.80 | 3693.04 | 5688.35 | 1201.74 |
| | **ആകെ** | **9025.63** | **12147.66** | **16343.95** | **4207.92** |

| | | | |
|---|---|---|---|
| സി) | ഇപ്രകാരം ആദിവാസിമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുന്ന ഏജൻസികളെ തിരഞ്ഞെടുക്കുന്നത് ഏതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ? | സി) | സർക്കാർ എംപാനൽ ചെയ്തിട്ടുള്ള വിവിധ ഏജൻസികളെയാണ് ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് |

സെക്ഷൻ ഓഫീസർ